(ബി) നിലവിൽ 9% പലിശ നിരക്കിലാണ് കേന്ദ്രത്തിൽ നിന്നും പദ്ധതി വായ്പ ലഭിക്കുന്നത്.

(സി) വായ്പ തുകയുടെ പകുതി 20 വാർഷിക തവണകളായും ബാക്കി പകുതി തുക 6 വർഷത്തെ മൊറോട്ടോറിയത്തിനുശേഷം 15 വാർഷിക തവണകളായും പലിശയടക്കം തിരിച്ചടയ്ക്കേണ്ടതുണ്ട്.

(ഡി) ഓപ്പൺ മാർക്കറ്റിൽ നിന്നുള്ള വായ്പകളുടെ പലിശ നിരക്ക് 2004-2005 സാമ്പത്തിക വർഷം 7.17% മുതൽ 5.60% വരെയാണ്.

(ഇ) വായ്പകളുടെ കാലാവധി സാധാരണ 9 വർഷം മുതൽ 12 വർഷം വരെയാണ്. ഈ കാലാവധി പൂർത്തിയാക്കുന്ന മുറയ്ക്ക് മുതൽ തിരിച്ചു നൽകേണ്ടതും പലിശ അർദ്ധവാർഷിക ഗഡുക്കളായി നൽകേണ്ടതുമാണ്.

(എഫ്) 1000 കോടി രൂപയുടെ പദ്ധതി വായ്പ തിരിച്ചടയ്ക്കാൻ പലിശയുൾപ്പെടെ 2057.53 കോടി രൂപ (ഇപ്പോഴത്തെ പലിശ നിരക്കിൽ) വേണ്ടി വരുമെന്ന് കണക്കാക്കപ്പെട്ടിരിക്കുന്നു.

(ജി) 1000 കോടി രൂപ ഓപ്പൺ മാർക്കറ്റിൽ നിന്ന് വായ്പയെടുത്താൽ 10 വർഷം കൊണ്ട് തിരിച്ചടയ്ക്കുകയാണെങ്കിൽ പലിശ താഴെ പറയും പ്രകാരമാണ് (2004-2005-ന്റെ ആവറേജ് വച്ച് കണക്കാക്കിയാൽ) പലിശ 6.39 X 10000000000 X 10 = 639 കോടി രൂപ, മുതൽ = 1000 കോടി രൂപ, ആകെ = 1639 കോടി രൂപ.

(എച്ച്) ഓപ്പൺ മാർക്കറ്റ് ലോൺ RBI മുഖേന മാർക്കറ്റിൽ നിന്നും Tap issue വഴിയോ auction മുഖേനയോ വികസന ആവശ്യങ്ങൾക്ക് എടുക്കുന്ന വായ്പകളാണ്. കേന്ദ്ര വായ്പ പദ്ധതി നടത്തിപ്പിനായി കേന്ദ്ര സർക്കാർ നൽകുന്ന വായ്പകളാണ്. കേന്ദ്ര വായ്പ തിരിച്ചടവിനുള്ള കാലാവധി താരതമ്യേന കൂടുതലാണ്.

സംസ്ഥാന ബാങ്കുകളിലെ നിക്ഷേപത്തിൽ നിന്നും അന്യ സംസ്ഥാനങ്ങളിലേക്ക് പോയ തുക

2 [3864] *ശ്രീ. ടി. യു. രാധാകൃഷ്ണൻ:*
„ *ഡി. സുഗതൻ:*
„ *ഇ. എം. അഗസ്തി:*
„ *വി. ഡി. സതീശൻ:*
„ *ലൂഡി ലൂയിസ്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തുള്ള ബാങ്കുകൾക്കുലഭിക്കുന്ന നിക്ഷേപം മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോകുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ സംസ്ഥാനത്തുള്ള ബാങ്കുകളിൽ നിന്നും 2001-02, 2002-03 വർഷങ്ങളിൽ എത്ര തുക വീതം മറ്റു സംസ്ഥാനങ്ങളിലേക്ക് കൊണ്ടുപോയി;

(സി) ഏതെല്ലാം സംസ്ഥാനങ്ങളിലേക്കാണ് തുക കൊണ്ടുപോയത്;

(ഡി) പ്രസ്തുത കാലഘട്ടത്തിൽ സംസ്ഥാനത്തുള്ള ബാങ്കുകൾ സംസ്ഥാനത്ത് എത്ര തുക വായ്പയായി നൽകി;

(ഇ) മറ്റു സംസ്ഥാനങ്ങളിലേക്ക് തുക കൊണ്ടുപോയത് ഏതെല്ലാം ബാങ്കുകളാണ് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇപ്രകാരം ചെയ്തിട്ടില്ലായെന്ന് സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റി അറിയിച്ചിട്ടുണ്ട്. ബാങ്കുകൾ സംസ്ഥാന ഗവൺമെന്റിന് കീഴിൽ അല്ലാത്തതിനാൽ കൂടുതൽ വിവരങ്ങൾ സംസ്ഥാന സർക്കാരിന് ലഭ്യമല്ല.

(ബി) & (സി) ബാധകമല്ല.

(ഡി) 2002 മാർച്ച് 31 വരെ 8241 കോടി രൂപയും 2003 മാർച്ച് 31 വരെ 10563 കോടി രൂപയും ബാങ്കുകൾ സംസ്ഥാനത്ത് മുൻഗണനാ വിഭാഗങ്ങൾക്കായി വായ്പയായി നൽകിയിട്ടുണ്ട്.

(ഇ) ബാധകമല്ല.

ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം

3 [3865] *ശ്രീ. എം. എ. ചന്ദ്രശേഖരൻ*:
„ *ഇ. എം. അഗസ്തി*:
„ *ടി. യു. രാധാകൃഷ്ണൻ*:
„ *സി. പി. മുഹമ്മദ്*:
„ *എ. കെ. മണി*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ബാങ്കുകളുടെ വായ്പാ-നിക്ഷേപ അനുപാതം ഇപ്പോൾ എത്രയാണ്;

(ബി) 2001-2002, 2002-2003 എന്നീ വർഷങ്ങളിൽ ഈ അനുപാതം എത്ര വീതമായിരുന്നു;

(സി) വർഷം ചെല്ലുന്തോറും അനുപാതം കുറയുകയാണോ കൂടുകയാണോ ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കുറയുകയാണെങ്കിൽ അതിനുള്ള കാരണങ്ങളെന്തെല്ലാം എന്ന് പറയാമോ?

LIBRARY ARCHIVES Kerala Legislative Assembly